**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1796** **20-06-2024 - ൽ മറുപടിയ്ക്ക്**

**കേരള സർവ്വകലാശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവ്വകലാശാലയിൽ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിമൂലം പി എഫ്. ലോൺ, പെൻഷൻ ആനുകൂല്യങ്ങളായ കമ്മ്യൂട്ടേഷൻ, പി.എഫ്., ഡി.സി.ആർ.ജി. എന്നിവ ജീവനക്കാർക്ക് വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നത് ഒഴിവാക്കുന്നതിന് സർവ്വകലാശാല എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | കേരള സർവകലാശാലയിൽ അധ്യാപകർക്കും ജീവനക്കാർക്കും പി.എഫ് ലോൺ കാലതാമസം കൂടാതെ തന്നെ നൽകി വരികയാണ്. കൂടാതെ സർവ്വീസിൽ നിന്ന് വിരമിക്കുന്ന അധ്യാപകർക്കും ജീവനക്കാർക്കും ലഭ്യമാക്കേണ്ട പെൻഷൻ ആനുകൂല്യങ്ങൾ, പെൻഷൻ കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. തുടങ്ങിയവയും, പി.എഫ് ക്ലോസ് ചെയ്ത് നൽകുന്നതും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കാലതാമസമില്ലാതെ തന്നെ നൽകിവരികയാണ്. |
| (ബി) | കേരള സർവകലാശാലയിൽ വിവിധ പഠന വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ തുടക്കത്തിൽ കരാർ വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് താല്കാലിക നിയമനം നേടിയ അദ്ധ്യാപകർ ഇപ്പോഴും അനധികൃതമായി തുടർന്ന് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കേരള സർവകലാശാല പഠനവകുപ്പുകളിൽ ആവശ്യകതയ്ക്ക് അനുസരിച്ച് 11 മാസ കരാർ വ്യവസ്ഥയിൽ അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. |
| (സി) | കരാർ വ്യവസ്ഥയിൽ വിവിധ പഠന വകുപ്പുകളിൽ ഇപ്പോൾ ജോലി തുടർന്നുവരുന്ന താല്കാലിക അദ്ധ്യാപകരുടെ പേരുവിവരങ്ങൾ, ആദ്യമായി സർവ്വകലാശാലയിൽ താല്കാലിക നിയമനത്തിലൂടെ ജോലിയിൽ പ്രവേശിച്ച തീയതി, നിലവിലെ കരാർ വ്യവസ്ഥ അവസാനിക്കുന്ന തീയതി, പ്രതിമാസ ശമ്പളം, ഈയിനത്തിൽ സർവ്വകലാശാലയ്ക്ക് മൊത്തത്തിൽ പ്രതിവർഷം ചെലവാകുന്ന തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | കേരള സർവ്വകലാശാലയിൽ 2019-ന് ശേഷം വിവിധ പഠന വകുപ്പുകളിൽ റഗുലർ വ്യവസ്ഥയിൽ സ്ഥിര നിയമനം നേടി ഇപ്പോൾ തുടർന്നു വരുന്ന റഗുലർ അദ്ധ്യാപകരുടെ പേരുവിവരങ്ങൾ, ജോലിയിൽ പ്രവേശിച്ച തീയതി എന്നീ വിവരങ്ങൾ പഠനവകുപ്പുകൾ തിരിച്ച് വിശദമാക്കാമോ; | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | കേരള സർവ്വകലാശാലയുടെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്ത് ജീവനക്കാരുടെ പി.എഫ്. ലോൺ, റിട്ടയർമെൻറ് ആനുകൂല്യങ്ങൾ മുതലായവ യഥാസമയം വിതരണം ചെയ്യുന്നതിലേക്കായി അത്യാവശ്യമല്ലാത്ത താൽക്കാലിക, കരാർ നിയമനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് കർശന സാമ്പത്തിക അച്ചടക്കം പാലിക്കുവാൻ സർവകലാശാലയ്ക്ക് നിർദേശം നൽകുമോ; വ്യക്തമാക്കുമോ? | (ഇ) | കേരള സർവകലാശാല പഠനവകുപ്പുകളിൽ ആവശ്യകതയ്ക്ക് അനുസരിച്ച് 11 മാസ കരാർ വ്യവസ്ഥയിൽ അദ്ധ്യാപക തസ്തികയിൽ കരാർ നിയമനങ്ങൾ നടത്തുന്നു. |

സെക്ഷൻ ഓഫീസർ